*'പൊന്നാനി' അവലോകനം*

# അഹങ്കരിക്കാൻ മാത്രം പൊന്നാനിയിലെന്തുണ്ടായി?

പൊന്നാനിയുടെ പേരു പറഞ്ഞ് ലീഗ് സുഹൃത്തുക്കൾ ഉറഞ്ഞു തുള്ളുന്നതു കണ്ടാൽ തോന്നും അവിടെ ആദ്യായിട്ട് ജയിച്ചു കയറുകയാന്ന്!!? നിങ്ങളുടെ സീററിൽ നിങ്ങൾ തന്നെ ജയിച്ചതിനെന്തിനാണ് കൂട്ടരേ ഇത്ര ബേജാറും വെപ്രാളവും?

നിങ്ങളെ പിടികൂടിയ എന്തോ 'ഭയപ്പാട്' ആകണം ഈ എരിപിരി കൊള്ളലിനു പിറകിൽ! ലക്ഷത്തിലധികമുണ്ടായിരുന്ന ഭൂരിപക്ഷം ഈ അനുകൂല കാലാവസ്ഥയിലും എമ്പത്തിരണ്ടായിരമായി കുറഞ്ഞതാണോ ഇത്ര കാര്യം!?

ആ എമ്പത്തിരണ്ട് തന്നെ എങ്ങനെയാണ് ഒപ്പിച്ചതെന്ന് 'യഥാർഥ കണക്ക്' കുഞ്ഞാലിക്കുട്ടിക്കും ബശീറിനുമറിയാം. അതാണ് അവരിൽ വലിയ അഹങ്കാരമൊന്നും കാണാത്തത്. കണക്കു നമുക്കു പറയാം. അതിനു മുമ്പ് ചിലതു ചോദിച്ചോട്ടെ.

ഇന്ത്യയിലൊന്നാകെ ഒരു UPA കാററടിച്ചു. കേരളത്തിലാകട്ടെ UDF കൊടുങ്കാററാണടിച്ചത്. ഒരുപാടൊരുപാട് ഘടകങ്ങൾ UDF നനുകൂലമായി വീണുകിട്ടി. ഇടതിന്റെ കോട്ട കൊത്തളങ്ങളിൽ വരേ UDF സുനാമിയടിച്ചു. കണ്ണൂരും വടകരയും കോഴിക്കോടും വരേ UDF പിടിച്ചെടുത്തു. അതും വമ്പൻ മാർജിന്. ഒന്നേകാൽ ലക്ഷത്തിന് LDF ജയിച്ചിരുന്ന വടകരയാണ് അതു മറിച്ചിട്ട് അര ലക്ഷത്തിന് UDF അടിച്ചെടുത്തത്!. ഇത്രയും ഭയങ്കര രാഷ്ട്രീയ കൊടുങ്കാററ്, അത് പൊന്നാനിയിൽ മാത്രമെത്താതിരിക്കരുതല്ലോ.?

പൊന്നാനിയിൽ നമ്മുടെ ലീഗ് സ്ഥിരമായി ജയിച്ചു വരാറ് ഒരു ലക്ഷം, ഒന്നര ലക്ഷം തുടങ്ങിയ ഭൂരിപക്ഷങ്ങൾക്കല്ലേ? ഇനിയിപ്പോൾ പുതിയ മണ്ഡലമെടുത്താലും ഈ ആഞ്ഞു വീശിയ UDF കൊടുങ്കാററിൽ ചുരുങ്ങിയത് ഒരു ഒന്നര ലക്ഷമെങ്കിലും വേണ്ടേ കണക്കിന്? എവിടെപ്പോയി ആ പഴയ കണക്കുകളൊക്കെ? എന്തേ പൊന്നാനിയിൽ മാത്രം കുത്തനെ താഴോട്ട് വന്നു?

എന്തെല്ലാം അനുകൂല ഘടകങ്ങളായിരുന്നു ലീഗിനു കിട്ടിയത്? ഇടതു ക്യാമ്പിലെ തമ്മിലടി!, CPI യുടെ അടിവാരൽ!, NDF പിന്തുണ!, ജമാഅത്ത് പിന്തുണ!!... എന്നിട്ടും ലീഡ് കുത്തനെ താഴോട്ട്!! ഇവിടെയാണു ബുദ്ധിയുള്ള ലീഗുകാരുണ്ടെങ്കിൽ ചിന്തിക്കാനുള്ളത്.?...

ഇനി കിട്ടിയ 82ന്റെ കഥയെടുക്കുകയാണെങ്കിൽ ശരിക്കും ഞെട്ടും!. വിവരമുള്ള ലീഗുകാരുണ്ടെങ്കിൽ കൂട്ടി നോക്കിക്കോട്ടെ.

82,000 ഭൂരിപക്ഷം ആരുടെയൊക്കെയാണു ലീഗുകാരാ?. CPI യുടെ ഒരൊററ വോട്ടും രണ്ടത്താണിക്കു കിട്ടിയിട്ടില്ല.. അവർക്ക് 25,000 വോട്ടുണ്ടെന്നാണ് അവരുടെ പക്ഷം. ഒരു 15,000 സമ്മതിച്ചു കൊടുത്താൽ തന്നെ അത് ലീഗിന്റെ പെട്ടിയിൽ വീഴുമ്പോൾ 30,000 ത്തിന്റെ മാററം വരുത്തും. സംസ്ഥാന വ്യാപകമായി 30% മുതൽ 75% വരേയാണു BJP വോട്ടുകൾ UDF ന് മറിഞ്ഞത്. പഴയ പൊന്നാനിയിൽ 73,000 വോട്ടുണ്ടായിരുന്ന അവർക്ക് പുതിയ മണ്ഡല ക്രമീകരണത്തിൽ 91,000 വോട്ടുണ്ടെന്നാണു കണക്ക്. ഇതിൽ 57,000 വോട്ടുകൾ മാത്രമാണ് അവരുടെ പെട്ടിയിൽ വീണത്. ബാക്കി 34,000 വരുന്ന BJP വോട്ടുകളാണ് ലീഗിന്റെ പെട്ടിയിൽ വീണത്!. 30+34=64. ലീഗിന്റെ 82ൽ നിന്ന് 64 കുറച്ചാൽ വെറും 18,000 വോട്ടിന്റെ ലീഡ് മാത്രമാണ് ലീഗുകാരാ നിനക്ക് പൊന്നാനിയിലുള്ളത്.!! അതിനാണ് ഈ അഹങ്കാരമെങ്കിൽ തിരിച്ചടികളിൽ നിന്ന് നിങ്ങൾ ഒന്നും പഠിച്ചിട്ടില്ലെന്നാണ് ബുദ്ധിയുള്ളവർ വിലയിരുത്തുക.

അവശേഷിക്കുന്ന ഈ 18 ൽ നിന്ന് ഇനി ആരുടെയൊക്കെ വോട്ടുകളാണ് കുറക്കാനുള്ളത്? NDF ന്റെ കുറക്കട്ടെയോ?.... ജമാഅത്തുകാരുടേത് കുറക്കാനില്ലേ?....... ഇനി ആരുടെയൊക്കെ എത്രയൊക്കെ കുറക്കണമെന്ന് നിങ്ങൾ തന്നെ നോക്കുക.. ബാക്കി ലീഗിന്റെ 'സ്വന്തം സ്ട്രങ്ങ്ത്ത്' എത്ര അവശേഷിക്കുന്നുവെന്ന് സ്വയം വിലയിരുത്തുക.

CPI വോട്ടുകൾ എക്കാലവും ലീഗിനു കിട്ടുമോ?.. BJP വോട്ടുകൾ എന്നും ലീഗിന് ലഭിക്കുമോ?.. സ്വന്തമായി രാഷ്ട്രീയ പാർട്ടിയുണ്ടാക്കിയ NDF കാർ എക്കാലവും നിങ്ങളെ സഹായിക്കുമോ? ജമാഅത്തുകാർ എന്നും ലീഗിന്റെ കൂടെയുണ്ടാകുമെന്ന് തോന്നുന്നോ? പിന്നെ ആരെക്കണ്ടാണ് ഈ അഹങ്കാരവും തെറി വിളികളും?.

'തെരഞ്ഞെടുപ്പുകൾ ഇവിടെ അവസാനിക്കുന്നില്ല' എന്നു മാത്രം ഓർമ്മിക്കുന്നത് നന്ന്. പടച്ചവൻ അനുഗ്രഹിച്ചാൽ ലീഗുകാർക്ക് നന്നാവാൻ ഇനിയും അവസരമുണ്ട്.